പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *246

18.08.2017-ൽ മറുപടിക്ക്

## നെൽവയൽ തണ്ണീർത്തട സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ<br>,, കെ.വി.വിജയദാസ്<br>,, മുരളി പെരുനെല്ലി<br>,, ഡി.കെ. മുരളി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>( റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ) |
| (എ) 2006-2011 കാലഘട്ടത്തിലെ സർക്കാർ, നെൽവയൽ തണ്ണീർത്തട സംരക്ഷണത്തിനായി കൊണ്ടു വന്ന നിയമം ദുർബല പ്പെടുത്തുന്നതിന് കഴിഞ്ഞ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടി തിരുത്തി തണ്ണീർത്തട സംരക്ഷണത്തിനായി കൈക്കൊണ്ട നടപടികൾ അറിയിക്കാമോ; | (എ) ഇല്ല. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന തീയതിക്കു മുമ്പ്, അന്ന് നിലവിലുണ്ടായിരുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നെൽവയലുകൾ നികത്തിയിട്ടുണ്ടെങ്കിൽ ആയത് ക്രമവൽക്കരിക്കുന്നതിനായി ടി നിയമത്തിൽ 3 എ ഭേദഗതി കൊണ്ടു വന്നിട്ടുള്ളതാണ്. പ്രസ്തുത ഭേദഗതി ഉത്തരവ് 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ നെൽവയലായോ തണ്ണീർത്തടമായോ ഉൾപ്പെട്ട ഭൂമിക്ക് ബാധകമാകുന്നതല്ല. |
| (ബി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക് രൂപീകരണം പൂർത്തിയായോ; നിലവിലെ സ്ഥിതി അറിയിക്കാമോ; | (ബി) ഡാറ്റാ ബാങ്ക് രൂപീകരണത്തിന് വേണ്ട നടപടികൾ കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സ്വീകരിച്ചു വരുന്നു. |
| (സി) വർഷങ്ങൾക്കു മുൻപ് നികത്തപ്പെട്ടതും ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ഭവന നിർമ്മാണത്തിന് അനുമതി ലഭിക്കാത്ത പ്രശ്നം അടിയന്തരമായി പരിഹരിക്കാൻ നടപടിയെടുക്കുമോ? | (സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതിന് മുമ്പ് നികത്തപ്പെട്ടതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിന്റെ പരിധിയിൽ വരുന്നതാണ്. വീട് വയ്ക്കുന്നതിന് അനുയോജ്യമായ ഭൂമി ഇല്ലാത്തവർക്ക് |

അത്തരം ഭൂമിയിൽ വീട് വയ്ക്കുന്നതിന് 5 സെന്റ് വരെ പരിവർത്തനപ്പെടുത്താൻ അനുമതി നൽകാവുന്നതാണെന്ന് 05.02.2002-ലെ ജി.ഒ (ആർ.റ്റി)157/2002/എ.ഡി നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ 22.12.2016-ലെ 46848/പി1/2016/റവന്യൂ നമ്പർ സർക്കുലർ പ്രകാരം ഭൂവിനിയോഗ ഉത്തരവിന്റെ പരിധിയിൽ വരുന്ന ഭൂമിയിൽ വീട് വയ്ക്കുന്നതിന് പഞ്ചായത്തിൽ 10 സെന്റും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ 5 സെന്റും പരിവർത്തനപ്പെടുത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

ആയതിനാൽ അപ്രകാരം ഭവന നിർമ്മാണത്തിന് അനുമതി ലഭിക്കാത്ത സാഹചര്യമില്ല.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**